# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2128** — **11/06/2018-ൽ മറുപടിക്ക്**

## ഇതര സംസ്ഥാന തൊഴിലാളികൾക്കായി ആരോഗ്യ ക്യാമ്പുകൾ

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| **ശ്രീ.എം. സ്വരാജ്** | | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) | |
| **എ)** | സംസ്ഥാനത്ത് നിന്ന് ഉൻമൂലനം ചെയ്യപ്പെട്ട പല രോഗങ്ങളും പകർച്ചവ്യാധികളും തിരികെ വരുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | **എ) യും ബി) യും സി) യും** | സംസ്ഥാനത്ത് നിന്ന് ഉൻമൂലനം ചെയ്യപ്പെട്ട രോഗങ്ങൾ ഒന്നും തന്നെ തിരിച്ചു വന്നിട്ടില്ല. |
| **ബി)** | ഇതര സംസ്ഥാനതൊഴിലാളികൾ മുഖേനയാണ് ഇവ തിരികെ വരുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| **സി)** | ഇത് തടയുന്നതിനായി തൊഴിൽ വകുപ്പുമായി സഹകരിച്ച് ഇതര സംസ്ഥാന തൊഴിലാളികൾക്ക് സംസ്ഥാനത്ത് തൊഴിലെടുക്കുവാൻ വരുന്ന അവസരത്തിൽ തന്നെ മുൻകരുതൽ വാക്സിനേഷൻ ഉൾപ്പെടെയുള്ളവ നൽകുന്നതിനും ആരോഗ്യകാർഡ് നൽകുന്നതിനും നടപടി സ്വീകരിക്കുമോ; | | |
| **ഡി)** | നിലവിൽ സംസ്ഥാനത്ത് പണിയെടുക്കുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്കായി ആരോഗ്യ ക്യാമ്പുകൾ സംഘടിപ്പിച്ച് വാക്സിനേഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം അറിയിക്കാമോ? | **ഡി)** | ആരോഗ്യവകുപ്പ് തൊഴിൽ വകുപ്പുമായി സഹകരിച്ച് ഇതരസംസ്ഥാന തൊഴിലാളി ക്യാമ്പുകളിൽ നിശ്ചിത ഇടവേളകളിൽ മെഡിക്കൽ ക്യാമ്പുകളും പകർച്ചവ്യാധി പരിശോധനകൾക്കായി സ്ക്രീനിംഗ് ക്യാമ്പുകളും നടത്തിവരുന്നുണ്ട്. കൂടാതെ ഇത്തരം തൊഴിലാളികൾക്കിടയിൽ ആരോഗ്യ അവബോധം സൃഷ്ടിക്കുന്നതിന് ക്ലാസ്സുകളും നൽകുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**